കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ബസ്സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി. എഫ്. സി യിൽ നിന്നും 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ വായ്പയെടുത്തത്- പലിശ നിരക്ക് 9.49 % - നിൽ നിന്നും 12% ആക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. -

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.442/14/തസ്വഭവ            തിരുവനന്തപുരം, തീയതി :17.02.2014

---

പരാമർശം - 1. 12.07.10 - ലെ സ.ഉ. (സാധാ) നം. 2277/2010/തസ്വഭവ.
2. 28.11.13 - ലെ സ.ഉ. (സാധാ) നം.2918/2013/ തസ്വഭവ.
3. ഇടുക്കി - കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് പ്രസിഡൻറിന്റെ 10/12/13 - ലെ ബി2. 2414/13 നമ്പർ കത്തും, 17/12/13 - ലെ 21 –ാം നമ്പർ തീരുമാനവും.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനു വേണ്ടി 75,00,000/- (എഴുപത്തിയഞ്ച് ലക്ഷം) രൂപ കെ.യു.ആർ.ഡി.എഫ്.സി - യിൽ നിന്നും വായ്പയെടുക്കുന്നതിന് പരാമർശം ഒന്നു പ്രകാരവും പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 9.49 % പലിശ നിരക്കിൽ 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ വായ്പയെടുക്കുന്നതിന് പരാമർശം (2) പ്രകാരവും അനുമതി നൽകുകയുണ്ടായി.

കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നും 12% പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി അധികമായി ലഭ്യമാക്കുന്ന 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയുടെ വായ്പക്കുള്ള പലിശ നിരക്ക് 12 % ആക്കി പരാമർശം രണ്ടിലെ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കിയിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി - യിൽ നിന്നും അധികമായി ലഭ്യമാക്കുന്ന 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയുടെ വായ്പയുള്ള പലിശ നിരക്ക് 9.49% - ൽ നിന്നും 12% ആയി പരാമർശം (2) ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
സെക്രട്ടറി,ഇടുക്കി- കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ജി/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ,കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ